ESTABLISHED 1888
മലയാള മനോരമ
06 July 2022

# സിഎംഎഫ്ആർഐ ശിൽപശാല നടത്തി

കൊച്ചി● അനിയന്ത്രിതമായി ചെറുമത്സ്യങ്ങളെ പിടികൂടുന്നതു കേരളത്തിന്റെ സമുദ്രമത്സ്യ മേഖലയ്ക്കു വലിയ നഷ്ടമുണ്ടാക്കുന്നതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാല വിലയിരുത്തി.

വിവിധ മത്സ്യത്തൊഴിലാളി പ്രതിനിധികളുടെ പങ്കാളിത്തത്തോടെയാണു ശിൽപശാല നടത്തിയത്. മത്സ്യത്തൊഴിലാളി ഐക്യവേദി പ്രസിഡന്റ് ചാൾസ് ജോർജ് അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ടി.എം. നജ്മുദ്ദീൻ, ഡോ. എൻ. അശ്വതി, സിഐഎഫ്ടി പ്രിൻസിപ്പൽ സയന്റിസ്റ്റ് എം. വി. ബൈജു, എംപിഇഡിഎയുടെ പ്രതിനിധി എൻ. കെ. സന്തോഷ് എന്നിവർ പ്രസംഗിച്ചു.